"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഉന്നത വിദ്യാഭ്യാസ വകുപ്പ് - കോളേജ് വിദ്യാഭ്യാസം - ജീവനക്കാര്യം - നാലുവർഷ ബിരുദ കോഴ്സ് (FYUGP) ആരംഭിക്കുന്നതിന്റെ പശ്ചാത്തലത്തിൽ സർക്കാർ/എയ്ഡഡ് കോളേജ് അദ്ധ്യാപകരുടെ ജോലിഭാരം/തസ്തിക നില നിർത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉന്നത വിദ്യാഭ്യാസ (എഫ്) വകുപ്പ്

സ.ഉ.(സാധാ) നം.770/2024/HEDN തീയതി,തിരുവനന്തപുരം, 29-06-2024

---

പരാമർശം:- 1. 27/06/2024 തീയതിയിലെ ഉന്നതതല യോഗ തീരുമാനം

**ഉത്തരവ്**

നാലുവർഷ ബിരുദ കോഴ്സിന്റെ (FYUGP) ആദ്യ ബാച്ച് 2024 ജൂലൈ 1 ന് ആരംഭിക്കുന്നതിന്റെ പശ്ചാത്തലത്തിൽ സർക്കാർ എയ്ഡഡ് കോളേജ് അദ്ധ്യാപകരുടെ ജോലിഭാരവും തസ്തികയും താഴെപ്പറയും പ്രകാരം ക്രമീകരിച്ച് ഉത്തരവാകുന്നു.

1. നാലുവർഷ ബിരുദ കോഴ്സിന്റെ ആദ്യ ബാച്ച് പഠനം പൂർത്തിയാകുന്നത് വരെ സർക്കാർ/എയ്ഡഡ് കോളേജുകളിൽ നിലവിൽ അനുവദിക്കപ്പെട്ട മുഴുവൻ ജോലിഭാരവും, തസ്തികകളും തത്സ്ഥിതി നില നിറുത്തി ലോക്ക് ചെയ്യുന്നു.

2. വിദ്യാർത്ഥികൾക്ക് മതിയായ മേജർ/മൈനർ/ഫൗണ്ടേഷൻ കോഴ്സുകൾ നൽകുന്നതിന് നിലവിൽ അതിഥി അദ്ധ്യാപക നിയമനം അനുവദനീയമായിടങ്ങളിൽ ആവശ്യാനുസരണം ഗസ്റ്റ് അദ്ധ്യാപകരുടെ സേവനം ആഴ്ചയിൽ പരമാവധി 16 മണിക്കൂർ ജോലിഭാരം ഉറപ്പാക്കി അഞ്ചു ദിവസവും ഉപയോഗപ്പെടുത്താവുന്നതാണ്.

ഇതുമായി ബന്ധപ്പെട്ട് വിശദമായ ഉത്തരവ് ധനകാര്യവകുപ്പിന്റെ അനുമതി ലഭ്യമായതിന് ശേഷം പുറപ്പെടുവിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**സി അജയൻ**

**അഡീഷണൽ സെക്രട്ടറി**

കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

മെമ്പർ സെക്രട്ടറി, കേരള സ്റ്റേറ്റ് ഹയർ എഡ്യൂക്കേഷൻ കൗൺസിൽ,തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ് /എ&.ഇ) കേരള,

തിരുവനന്തപുരം

നോഡൽ ഓഫീസർ (www.highereducation.kerala.gov.in)

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ

കരുതൽ ഫയൽ/ഓഫീസ് കോപ്പി (F2/125/2024-HEDN)

ഉത്തരവിൻ പ്രകാരം
Signed by
Asoka Kumari. L
Date: 29-06-2024 19:46:28

ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ധനകാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേഴ്സണൽ അസിസ്റ്റന്റിന്
ധനകാര്യ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി ആന്റ് ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി-യുടെ പേഴ്സണൽ അസിസ്റ്റന്റിന്
ഉന്നത വിദ്യാഭ്യാസ (ബി) വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ;യക്ക്
ഉന്നത വിദ്യാഭ്യാസ (എഫ്) വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ-